**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3745** **27-10-2021 - ൽ മറുപടിയ്ക്ക്**

**ഏകീകൃത സർവ്വീസ് പോർട്ടലിന്റെയും 'എം. സേവനം' മൊബൈൽ ആപ്ലിക്കേഷന്റെയും പ്രയോജനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉപഭോക്താക്കൾ വിവിധ സർക്കാർ ഓഫീസുകളെ സമീപിക്കേണ്ട സാഹചര്യം ഒഴിവാക്കി പരമാവധി സേവനങ്ങൾ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (എ) | ജനങ്ങൾക്ക് സർക്കാർ ഓഫീസുകൾ കയറിയിറങ്ങാതെ തന്നെ സർക്കാരിന്റെ എല്ലാ സേവനങ്ങളും ഒരു ഏകീകൃത പോർട്ടലിലൂടെ ലഭ്യമാകേണ്ടത് അനിവാര്യമാണ്. എല്ലാ വകുപ്പുകളുടെയും ഓൺലൈൻ സേവനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് തങ്ങളുടെ വീടുകളിൽ ഇരുന്നുതന്നെ ജനങ്ങൾക്ക് സേവനങ്ങൾ ലഭിക്കുന്നതിനായി 'e-സേവനം' (https://services.kerala.gov.in/) എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലും ‘m–സേവനം’ എന്ന മൊബൈൽ ആപ്ലിക്കേഷനും രൂപം നൽകുകയും, അവ 01.10.2021 ൽ ഉദ്ഘാടനം ചെയ്യുകയുമുണ്ടായി. 'e-സേവനം' എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലിൽ വിവിധ വകുപ്പുകളുടെ 500-ലധികം സേവനങ്ങൾ ആദ്യഘട്ടമെന്ന നിലയിൽ ലഭ്യമാക്കിയിട്ടുണ്ട്. ജനങ്ങൾക്ക് സേവനങ്ങൾ വേഗത്തിൽ തെരയുന്നതിനും കണ്ടെത്തുന്നതിനുമായി സേവനങ്ങളെ ഉപയോക്താക്കളുടെ അടിസ്ഥാനത്തിൽ കർഷകർ, വിദ്യാർത്ഥികൾ, സ്ത്രീകളും കുട്ടികളും, യുവജനങ്ങളും നൈപുണ്യ വികസനവും, സാമൂഹ്യസുരക്ഷയും പെൻഷൻകാരും, വാണിജ്യം, പൊതുവായ സേവനങ്ങൾ, ഉപയോഗ സേവനങ്ങൾ, മറ്റു സേവനങ്ങൾ എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. ‘m–സേവനം’ എന്ന മൊബൈൽ ആപ്ലിക്കേഷൻ ആൻഡ്രോയിഡ്, iOS എന്നീ പ്ലാറ്റ്ഫോമുകളിൽ ലഭ്യമാണ്. |
| (ബി) | പുതുതായി രൂപം കൊടുത്തിട്ടുള്ള ഏകീകൃത സർവ്വീസ് പോർട്ടലും 'എം. സേവനം' മൊബൈൽ ആപ്ലിക്കേഷനും സർക്കാരിൽ നിന്നു ലഭ്യമാക്കുന്ന വിവിധ സേവനങ്ങൾ സംബന്ധിച്ച വിവരം കാലവിളംബം കൂടാതെയും ഇടനിലക്കാരില്ലാതെയും | (ബി) | കേരള സർക്കാരിന്റെ പ്രഖ്യാപിത നയമായ 'സേവനം എന്റെ അവകാശം' എന്നത് www.services.kerala.gov.in എന്ന ഏകീകൃത പോർട്ടൽ വഴി ഫലപ്രദമാവുകയാണ്. വിവിധ വകുപ്പുകൾ നൽകുന്ന സേവനങ്ങൾ “e-സേവനം" |

| | | | |
|---|---|---|---|
| | അഴിമതി രഹിതമായും ജനങ്ങൾക്ക് ലഭ്യമാക്കുന്നതിൽ എത്രമാത്രം പ്രയോജന പ്രദമാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദമാക്കുമോ? | | എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലിലൂടെയും "m-സേവനം" എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെയും പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ ഓഫീസുകൾ കയറിയിറങ്ങാതെ തങ്ങളുടെ വീടുകളിൽ ഇരുന്ന് തന്നെ സർക്കാർ സേവനങ്ങൾ ലഭിക്കുന്നതിന് പ്രസ്തുത സംവിധാനം ഉപയോഗപ്രദമാകുന്നു. അപേക്ഷയിൽ തീരുമാനം എടുക്കുന്നതിലുണ്ടായിരുന്ന കാലവിളംബം ഇല്ലാതാക്കുവാനും ഇടനിലക്കാരെ ഒഴിവാക്കുവാനും അഴിമതി ഇല്ലാതാക്കുന്നതിനും ഈ ഓൺലൈൻ സംവിധാനങ്ങൾ വലിയ അളവിൽ പ്രയോജനപ്പെടുന്നു. |

സെക്ഷൻ ഓഫീസർ